**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3690** **05-08-2021 - ൽ മറുപടിയ്ക്ക്**

**കരുവന്നൂർ ബാങ്കിലെ നിക്ഷേപകരുടെയും വായ്പക്കാരുടേയും ആശങ്ക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. പി. ടി. തോമസ് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് കാലത്ത് ജപ്തി നടപടികൾ പാടില്ല എന്ന നിബന്ധന നിലനിൽക്കെ കരുവന്നൂർ സഹകരണ ബാങ്കിൽ നിന്നും ജപ്തി നോട്ടീസ് ലഭിച്ച മുൻ പഞ്ചായത്തംഗം ടി.എം.മുകുന്ദൻ ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മുൻ പഞ്ചായത്തംഗം ടി.എം.മുകുന്ദൻ ആത്മഹത്യ ചെയ്ത വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. എന്നാൽ ടിയാൾ എടുത്ത വായ്പയിൽ ബാങ്ക് എക്സിക്യൂഷൻ പെറ്റീഷൻ ഫയൽ ചെയ്തിട്ടില്ലാത്തതും ജപ്തി നോട്ടീസ് നൽകിയിട്ടില്ലാത്തതുമാണ്. |
| (ബി) | ബാങ്കിൽ നിക്ഷേപിച്ച പണം സംബന്ധിച്ച് നിക്ഷേപകരുടെ ആശങ്ക പരിഹരിക്കാൻ എന്തൊക്കെ ഇടപെടലുകളാണ് നടത്തിയിരിക്കുന്നതെന്നറിയിക്കുമോ; | (ബി) | ബാങ്കിന്റെ ഭരണച്ചുമതല സഹകരണ വകുപ്പിലെ മൂന്ന് അംഗങ്ങളടങ്ങുന്ന അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ ഏൽപ്പി ച്ചിട്ടുണ്ട്. ബാങ്കിനുണ്ടായ നഷ്ടം ബന്ധപ്പെ ട്ടവരിൽ നിന്നും ഈടാക്കുന്നതിന് സർ ചാർജ്ജ് നടപടികളുടെ ഭാഗമായി സഹ കരണ നിയമം വകുപ്പ് 68(1) പ്രകാരമുള്ള അന്വേഷണം നടന്നു വരുന്നു. കൂടാതെ ക്രമക്കേടിൽ പങ്കാളിയായവരുടെ സ്ഥാ വരജംഗമ വസ്തുക്കൾ അറ്റാച്ച് ചെയ്ത് നഷ്ടം തിരികെ പിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | കരുവന്നൂർ സഹകരണ ബാങ്കിൽ നിന്നും വായ്പ എടുത്തവരും കോവിഡ് പ്രതിസന്ധിയിൽ ജീവനോപാധിപോലും നഷ്ടപ്പെട്ടവരുമായ സാധാരണക്കാർക്ക് വായ്പ തിരിച്ചടവിന് സാവകാശം നൽകാൻ തയ്യാറാകുമോ; വിശദമാക്കാമോ? | (സി) | വായ്പ തിരിച്ചടവിന് നിയമപ്രകാരമുള്ള സാവകാശം അനുവദിക്കുന്ന വിഷയം പ്രത്യേകം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ